# വിജയദശമി നായർമഹാസമ്മേളനം

## മന്നം നഗർ, പെരുന്ന

## 19.10.2018, വെള്ളി

# വിജയദശമിസന്ദേശം

ചങ്ങനാശ്ശേരി താലൂക്ക് എൻ.എസ്.എസ്. യൂണിയന്റെ ആഭിമുഖ്യത്തിലുള്ള 105-ാമത് വിജയദശമിനായർമഹാസമ്മേളനമാണ് ഇവിടെ നടക്കുന്നത്.

ഈ അടുത്ത കാലത്തുണ്ടായ പേമാരിയും പ്രളയവും നമ്മുടെ നാടിനെ ഏറെ ദുരിതത്തിലാഴ്ത്തി. തന്മൂലമുണ്ടായ നാശനഷ്ടങ്ങൾ വിവരണാതീതമാണ്. നായർ സർവീസ് സൊസൈറ്റിയുടെ ആഹ്വാനമനുസരിച്ച് കരയോഗാംഗങ്ങളും കരയോഗങ്ങളും താലൂക്ക് യൂണിയനുകളും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെടുകയുണ്ടായി. അതോടൊപ്പം തന്നെ, അതിലേക്ക് കഴിവുള്ളത്ര സാമ്പത്തികസഹായം സർക്കാരിനും ദുരിതബാധിതരായ സമുദായാംഗങ്ങൾക്കും എത്തിക്കുവാനുള്ള പ്രവർത്തനവും നടത്തുവാൻ എൻ.എസ്.എസ്സിനും അതിന്റെ കീഴ്ഘടകങ്ങൾക്കും കഴിഞ്ഞു. സംസ്ഥാനത്തുടനീളം ആഘോഷപരിപാടികളെല്ലാം മാറ്റിവയ്ക്കാനുള്ള തീരുമാനത്തെ മാനിച്ചുകൊണ്ട് ഇത്തവണത്തെ വിജയദശമിസമ്മേളനം വളരെ ലളിതമായി ആചരിക്കുവാൻ ചങ്ങനാശ്ശേരി താലൂക്ക് യൂണിയൻ നേതൃത്വം എടുത്ത തീരുമാനം സ്വാഗതാർഹമാണ്. അതനുസരിച്ച് താലൂക്കിലെ മുഴുവൻ കരയോഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന സമ്മേളനമാണ് ഇത്. ഈ അവസരത്തിൽ, താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഹരികുമാർ കോയിക്കൽ ഉൾപ്പെടെയുള്ള ഭരണസമിതിയംഗങ്ങൾക്കും താലൂക്കിലെ മുഴുവൻ കരയോഗ-വനിതാ സമാജ-ബാലസമാജ അംഗങ്ങൾക്കും വിജയദശമി ആശംസകൾ നേർന്നുകൊള്ളുന്നു.

തിന്മയ്ക്കെതിരെ നന്മ വിജയംവരിച്ച സുദിനമാണ് വിജയദശമി. നായർസമുദായം അവഗണിക്കപ്പെട്ടപ്പോൾ അതിൽനിന്നും ഒരു ഉയിർത്തെഴുന്നേല്പിനുള്ള കാഹളം മുഴങ്ങിയതും ഒരു വിജയദശമിനാളിലാണ്. 1913-ലാണ് അങ്ങനെയൊരു സാഹചര്യം ഉണ്ടായത്. 1913 ഒക്ടോബർ 6-ാം തീയതി നടന്ന ശ്രീമൂലംതിരുനാൾ ആഘോഷത്തിൽ വച്ചാണ് നായർസമുദായം അവഗണിക്കപ്പെട്ടത്. അപമാനം സഹിക്കവയ്യാതെ മന്നത്തു പത്മനാഭൻ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോന്നു. അവിടെ കൂടിയിരുന്ന നായന്മാർ ഒന്നൊഴിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അന്നു രാത്രിയിൽതന്നെ അവർ പെരുന്ന കരയോഗ മന്ദിരത്തിൽ എത്തി യോഗം ചേരുകയും തൊട്ടടുത്ത വിജയദശമിദിനത്തിൽ പ്രത്യേകമായി തിരുനാളാഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്പോൾതന്നെ അതിനു വേണ്ടി ഒരു കമ്മറ്റിയും രൂപീകരിച്ച് അവർ പിരിഞ്ഞു. തൊട്ടടുത്തുവന്ന വ്യാഴാഴ്ച (9.10.1913-ന്) ആയിരുന്നു ആ കൊല്ലത്തെ വിജയദശമി. ആ സുദിനത്തിൽ ശ്രീമൂലം തിരുനാൾ ആഘോഷം കരയോഗമന്ദിരത്തിൽവച്ച് ഐശ്വര്യപൂർണ്ണമായി നടത്തി.

ആ യോഗത്തിൽവച്ചാണ് ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം എന്ന സംഘടന രൂപംകൊണ്ടത്. അതിന്റെ വാർഷികമായിട്ടാണ് വിജയദശമിനായർമഹാസമ്മേളനം തുടർന്ന് എല്ലാവർഷവും നാം കൊണ്ടാടിവരുന്നത്.

അതിന്റെ തുടർനടപടി എന്ന നിലയിലാണ് 1914 ഒക്ടോബർ 31-ന് മന്നത്തുപത്മനാഭനും സഹപ്രവർത്തകരായ 13 പേരും ചേർന്ന് നായർസമുദായ ഭൃത്യജനസംഘത്തിന് രൂപംനല്കിയത്. അങ്ങനെ രൂപീകരിച്ച നായർസമുദായഭൃത്യജനസംഘമാണ് 1915-ൽ നായർ സർവീസ് സൊസൈറ്റിയായി രൂപാന്തരം പ്രാപിച്ചത്.

സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങളിലെ നായർ സർവീസ് സൊസൈറ്റിയുടെ ശക്തവും നിരന്തരവുമായ പ്രവർത്തനം ഇപ്പോൾ ഒരു നൂറ്റാണ്ട്

(മറുപുറം)

പിന്നിട്ടിരിക്കുകയാണ്. മതേതരത്വവും ജനാധിപത്യവും കാത്തുസൂക്ഷിച്ച്, സമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുക, സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുക എന്നീ അടിസ്ഥാനമൂല്യങ്ങളിൽനിന്നു വ്യതിചലിക്കാതെ ഈ രംഗത്തുള്ള എൻ.എസ്.എസ്സിന്റെ പ്രവർത്തനം 104 വർഷങ്ങൾ പിന്നിടുകയാണ്. അടിസ്ഥാനമൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള ഈ പ്രവർത്തനമാണ് സംഘടനയുടെ ശക്തി.

നാം ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം ശബരിമലക്ഷേത്രത്തിലെ യുവതീപ്രവേശം സംബന്ധിച്ചുള്ളതാണ്.

ഈ കേസിന്റെ ഉത്ഭവം മുതൽക്കുതന്നെ എൻ.എസ്.എസ്. കക്ഷിചേർന്ന് ശബരിമലയിൽ നിലനില്ക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ നിയമയുദ്ധം നടത്തിവരുകയാണ്. പന്ത്രണ്ടുവർഷങ്ങൾക്കുശേഷമാണ് ശബരിമലയിൽ പ്രായഭേദമെന്യെ സ്ത്രീപ്രവേശനം അനുവദിച്ചുകൊണ്ട് സുപ്രീംകോടതിവിധി ഇപ്പോൾ ഉണ്ടായത്. ഇതിനെതിരെയും എൻ.എസ്.എസ്. റിവ്യൂ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്.

സ്ത്രീകൾക്ക് പൊതുവെ അനുകൂലമാണ് ഈ വിധി എങ്കിലും, തങ്ങൾക്ക് ആവശ്യം ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനവ്യാപകമായി ലക്ഷക്കണക്കിന് സ്ത്രീകളടക്കം വിശ്വാസികളുടേതായ പ്രതിഷേധങ്ങൾ ഉണ്ടായിട്ടും സർക്കാരും ദേവസ്വം ബോർഡും അത് കണ്ടതായി ഭാവിച്ചില്ല.

റിവ്യൂ ഹർജി ഫയൽ ചെയ്യുന്നതിനോ കോടതിവിധി നടപ്പാക്കാൻ കാലതാമസം തേടുന്നതിനോ സംസ്ഥാനസർക്കാരോ തിരുവിതാംകൂർ ദേവസ്വംബോർഡോ തയ്യാറായില്ല. മറിച്ച്, ബന്ധപ്പെട്ടവരുടെയോ വിശ്വാസിസമൂഹത്തിന്റെയോ വികാരം കണക്കിലെടുക്കാതെ വിധി നടപ്പാക്കാൻ തിടുക്കത്തിൽ നടപടികൾ സ്വീകരിക്കുകയാണ് സർക്കാരും ദേവസ്വം ബോർഡും ചെയ്തത്.

നിരീശ്വരവാദം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുമാത്രമേ ഇതിനെ കാണാൻ കഴിയൂ. ഈ സാഹചര്യത്തിൽ, ശബരിമലയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസവും നിലനിർത്തണമെന്ന് ആഗ്രഹിക്കുന്ന വിശ്വാസികളോടൊപ്പം എൻ.എസ്.എസ്. സമാധാനപരമായ പ്രതിഷേധവുമായി അണിചേർന്നിരിക്കുകയാണ്. രാഷ്ട്രീയത്തിന്റെ പേരുപറഞ്ഞും സവർണ്ണ-അവർണ്ണമുദ്ര കുത്തിയും ഈ സംരംഭത്തെ തടയാൻ സർക്കാരും ചില സംഘടനകളും ശ്രമിക്കുന്നുണ്ട്. അത് വിലപ്പോവില്ല. എന്തുവന്നാലും എൻ.എസ്.എസ്. ഇക്കാര്യത്തിൽ എടുത്തനിലപാടിൽ ഉറച്ചുതന്നെ നില്ക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭൻ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കും എതിരെ പടപൊരുതിയ സാമൂഹികപരിഷ്കർത്താവാണ്. എന്നാൽ ഈശ്വരവിശ്വാസവും ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനില്ക്കണമെന്ന് അദ്ദേഹം എന്നും ആഗ്രഹിച്ചിരുന്നു. മത-സമുദായികസൗഹാർദ്ദം നിലനില്ക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനെയാണ് നമ്മളും പിൻതുടരേണ്ടത്.

അതിനാൽ, സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ ദർശനങ്ങളും ആദർശങ്ങളും ഉൾക്കൊണ്ട്, അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെ, സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുവാൻ സമുദായം ഒറ്റക്കെട്ടായി മുന്നേറണം എന്ന സന്ദേശമാണ് ഈ വിജയദശമിദിനത്തിൽ നല്കാനുള്ളത്.

പെരുന്ന
19.10.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി